# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6113

04.07.2019- ൽ
മറുപടിയ്ക്ക്

## പെട്രോൾ പമ്പിനായി പാട്ടത്തിന് സർക്കാർ ഭൂമി

ചോദ്യം
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കാസ്സർഗോഡ് ജില്ല കളക്ടേറ്റിൽ നിന്നും D3/34389/17 നമ്പർ ആയി 17-3-2018 ൽ കാസർഗോഡ് കാഞ്ഞങ്ങാട് എസ്.എച്ച്.ൽ ഗുരുപുരത്തിനടുത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് സ്വകാര്യ ഭൂമിയോട് ചേർന്ന് കിടക്കുന്ന സർക്കാർ ഭൂമിക്ക് പാട്ടം അനുവദിച്ചതിനുശേഷം മാത്രം പമ്പിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണമെന്ന വ്യവസ്ഥയിൽ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടോ;

എ) ഉണ്ട്.

(ബി) പെട്രോൾ പമ്പ് സ്ഥാപിക്കുന്നവർ ഈ വ്യവസ്ഥ ഒട്ടും പാലിക്കാതെ പെട്രോൾ പമ്പിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങത്തക്കവിധം പണി പൂർത്തികരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരാക്ഷേപ പത്രത്തിലെ നിബന്ധനകൾക്ക് വിധേയമല്ലാതെ പെട്രോൾ പമ്പിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും. എന്നാൽ സർക്കാർ ഭൂമിയിൽ കയ്യേറ്റങ്ങൾ നിലവിലില്ലായെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഗുരുതരമായ ഈ ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടും നാളിതുവരെയായി പെട്രോൾ പമ്പ് തുടങ്ങാൻ നൽകിയ കണ്ടീഷണൽ എൻ.ഒ.സി.റദ്ദ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ:

(സി) പെട്രോൾ പമ്പിന്റെ പ്രവർത്തനങ്ങൾ സർക്കാർ ഭൂമി പാട്ടത്തിന് ലഭിക്കാതെ തുടരരുതെന്ന് കാണിച്ച് പമ്പിന്റെ തുടർ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കക്ഷിയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് വെള്ളരിക്കുണ്ട് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിനെ തുടർന്ന് ബേളൂർ വില്ലേജാഫീസർ കക്ഷിയ്ക്ക് നിരോധന ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഇതിനെതിരെ ശ്രീ.സുഹൈൽ ബഹു.കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) 30128/2018 കേസിൽ വില്ലേജാഫീസറുടെ സ്റ്റോപ്പ് മെമ്മോയും,

സ്റ്റോപ്പ് മെമ്മോ നൽകാൻ 20.08.2018-ൽ നൽകിയ നിർദ്ദേശവും ബഹു.കോടതിയുടെ 19.09.2018-ലെ ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരുന്നു. ടി കേസിൽ സത്യവാങ്മൂലം, കൌണ്ടർ അഫിഡവിറ്റ് എന്നിവ ഫയൽ ചെയ്തിട്ടുണ്ട് എന്നും ലീസ് അനുവദിക്കുന്നതിന് മുമ്പ് അപേക്ഷകന് സർക്കാർ ഭൂമി വിട്ട് നൽകിയിട്ടില്ലെന്നും സർക്കാർ ഭൂമിയിൽ കയ്യേറ്റമോ നിർമ്മാണ പ്രവർത്തനങ്ങളോ നടന്നിട്ടില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. WP(C) 30128/2018 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 26.02.2019 ലെ അന്തിമ വിധി പ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുമുണ്ട്.

(ഡി) സംസ്ഥാനത്ത് കേട്ട് കേൾവി പോലും ഇല്ലാത്ത കണ്ടീഷണൽ എൻ.ഒ.സി.യെ സംബന്ധിച്ചുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഉത്തര മേഖല റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ട് എത്ര മാസമായി; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടീഷണൽ എൻ.ഒ.സി.ക്യാൻസൽ ചെയ്യുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെയായി എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;പ്രസ്തുത ഉദ്യോഗസ്ഥർ എൻ.ഒ.സി. യെ സാധൂകരിക്കുന്ന നടപടികളുമായി മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) & (ഇ) കാസർഗോഡ് ജില്ലയിൽ ബേളൂർ വില്ലേജിൽ പെട്രോൾ പമ്പിന് ഭൂമി ലീസ് നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ.അഖിലേഷ്.സി.എം എന്നയാൾ ബഹു.റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി ഉത്തരമേഖലാ (വിജിലൻസ്) ഡെപ്യൂട്ടി കളക്ടർ സമർപ്പിച്ച 10.08.2018-ലെ സി/328/2018 നമ്പർ റിപ്പോർട്ട് 19/9/2018-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു. തഹസിൽദാർ ആർ.ഡി.ഒ എന്നിവർ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകേണ്ടതില്ലായെന്ന് വ്യക്തമായി ശുപാർശ ചെയ്ത കേസിൽ എ.ഡി.എം സ്ഥല പരിശോധന നടത്തി സർക്കാർ A.W ഭൂമി നിർദ്ദിഷ്ട പെട്രോൾ ബങ്കിന്റെ വഴി സൌകര്യത്തിന് വേണ്ടി വിട്ടു കൊടുത്തുവെന്നും സർക്കാരിൽ നിന്നും ലീസ് ഉത്തരവാകുന്നതിന് മുമ്പ് കണ്ടീഷണൽ എൻ.ഒ.സി. അനുവദിച്ചിട്ടുള്ളതായും അതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുള്ളതായും ഇതിനെതിരെ നടപടി എടുക്കുന്നതിന് എ.ഡി.എം നോട് പരാതി കക്ഷി ആവശ്യപ്പെട്ടെങ്കിലും ടിയാൻ അതിന് തയ്യാറായില്ലായെന്നും വിജിലൻസ് ഡെപ്യൂട്ടി കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി AW ഭൂമി നാഷണൽ ഹൈവേയുടെ കണ്ണായ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഭൂമിയാണ് എന്നും പ്രസ്തുത ഉത്തരവ് നൽകിയതിലൂടെ സർക്കാർ ഭൂമി അന്യകൈവശത്തിലാകുന്നതിനുള്ള സാദ്ധ്യതയുണ്ട് എന്നും ടി റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത വിഷയത്തിൽ ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്) -ന്റെ റിപ്പോർട്ടിന്മേലുള്ള അഭിപ്രായം ജില്ലാ കളക്ടറോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

(എഫ്) ഇതേ വിഷയത്തിൽ ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് (1762 PW1/asst1kgd/2018 /Fin) റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) ലഭിച്ചിട്ടുണ്ട്.

(ജി) റവന്യൂ (എൽ) സെഷനിൽ (L4/44/2019) ഉള്ള ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ജി) കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിലെ ബേളൂർ വില്ലേജിൽ റവന്യൂ ഭൂമി പെട്രോൾ പമ്പ് തുടങ്ങുന്നതിനായി പാട്ടത്തിന് നൽകുന്നതിൽ ക്രമക്കേടുകൾ നടക്കുന്നുയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ നിന്ന് ലഭ്യമായ പരിശോധനാ റിപ്പോർട്ടിലെ ക്രമനം 1 ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് 12/4/2019 ലെ എൽ.4/44/19/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമ നം. 2,3 എന്നിവയിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ വെള്ളരിക്കുണ്ട്

താലൂക്കിൽ സേവനമനുഷ്ഠിച്ചിരുന്ന തഹസിൽദാർ ശ്രീ.കുഞ്ഞിക്കണ്ണൻ, ബേളൂർ വില്ലേജ് ഓഫീസർ ശ്രീ.ക്രിസ്തുദാസ് എന്നിവരുടെ നിലവിലെ സേവന വിവരം ടിയാളുകളുടെ സൂപ്പർ ആനുവേഷൻ റിട്ടയർമെന്റ് തീയതി സഹിതം ലഭ്യമാക്കാൻ റവന്യൂ (ഡി) വകുപ്പിന്റെ 30/4/2019-ലെ 56/ഡി3/19/റവ നമ്പർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതും ആവശ്യപ്പെട്ടിട്ടുള്ള മേൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലാത്തതുമാണ്.

സെക്ഷൻ ഓഫീസർ